# നാവിന്റെ അധികാരം

## സദൃശ്യവാക്യങ്ങൾ 18.21

**മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു; അതിൽ ഇഷ്ടപ്പെടുന്നവർ അതിന്റെ ഫലം അനുഭവിക്കും.**

ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെയാണ് വാക്കുകൾ. വാക്കുകൾക്ക് ഒരേസമയത്തു ഒരാളെ വളർത്തുവാനും ഒരാളെ തളർത്തുവാനും കഴിയും.

നമ്മുടെ ജീവിതയാത്രയിൽ നമ്മുടെ വാക്കുകൾ കൊണ്ടു മറ്റുള്ളവരെ നാം വേദനിപ്പിച്ചിട്ടുണ്ടോ? മറ്റുള്ളവരുടെ വാക്കുകൾ നമ്മെ വേദനിപ്പിച്ചിട്ടുണ്ടോ? അതോ നമ്മുടെ ഒരു വാക്ക് മറ്റുള്ളവർക്ക് സഹായമായിട്ടുണ്ടോ, ആശ്വാസമായിട്ടുണ്ടോ? മറ്റുള്ളവരുടെ ഒരു വാക്ക് നമ്മുടെ ജീവിതത്തിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ? ഇങ്ങനെ കുറെയേറെ ചോദ്യചിഹ്നങ്ങൾ നമ്മുടെ ഹൃദയത്തിൽ ഉയർന്നേക്കാം.

നാവിൽ രണ്ടു അധികാരങ്ങളാണ് നമുക്കുള്ളത്.

ജീവന്റെയും മരണത്തിന്റെയും.

നിയന്ത്രണമില്ലാത്ത നാവു ക്രിസ്തുസഭയുടെ ഭാഗങ്ങളായ നമുക്ക് ദോഷമാണ്. അതുകൊണ്ട് ദൈവികസാനിധ്യവും, പരിശുദ്ധാത്മാവിന്റെ നിയന്ത്രണവും നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ വളരെ അത്യാവശയമാണ്. നമ്മുടെ നാവുകളെ ബുദ്ധിപൂർവം ഉപയോഗിക്കേണ്ടതാണ്.

ഉല്പത്തി 1:3 ൽ ഇപ്രകാരം കാണുന്നു വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു; വെളിച്ചം ഉണ്ടായി. ദൈവവചനത്തിന്റെ ശക്തി നമുക്ക് ഇവിടെ കാണാം .

പാപം ലോകത്തിൽ വരുന്നതിനു മുൻപ് തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ ഉണ്ടാക്കി, തന്റെ ജീവശ്വസം ഊതി സകല സൃഷ്ടിക്കലിന്മേലും വാഴാൻ അധികാരം കൊടുത്തു. അവർ ഏദൻതോട്ടത്തിൽ പിതാവിന്റെ കൂടെ സംസാരിച്ചും, സന്തോഷിച്ചും നടക്കുകയും ചെയ്തു.

ലോകരാമ്പത്തിൽ മരണം ഇല്ലായിരുന്നു എന്നാൽ പാപം ലോകത്തിൽ വന്നപ്പോൾ മരണവും വന്നു. അപ്പോൾ വാക്കുകൾക്ക് ജീവന്റെയും മരണത്തിന്റെയും അധികാരം വന്നു.

യാക്കോബ് 3 ന്റെ 5-10 വരെയുള്ള വാക്യങ്ങളിൽ നാവിനെക്കുറിച്ചു പറയുന്നത് ഇപ്രകാരമാണ്. “അങ്ങനെ തന്നേ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു

പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാടു കത്തിക്കുന്നു; നാവും ഒരു തീ തന്നേ; അതു നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതിലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിന്നു തീ കൊളുത്തുകയും നരകത്താൽ അതിന്നു തീ പിടിക്കയും ചെയ്യുന്നു.

മൃഗം, പക്ഷി, ഇഴജാതി, ജലജന്തു ഈവക എല്ലാം മനുഷ്യജാതിയോടു മരുങ്ങുന്നു, മരുങ്ങിയുമിരിക്കുന്നു. നാവിനെയോ മനുഷ്യർക്കാർക്കും മരുക്കാവതല്ല; അതു അടങ്ങാത്ത ദോഷം; മരണകരമായ വിഷം നിറഞ്ഞതു. അതിനാൽ നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു; ദൈവത്തിന്റെ സാദൃശ്യത്തിൽ ഉണ്ടായ മനുഷ്യരെ അതിനാൽ ശപിക്കുന്നു. ഒരു വായിൽനിന്നു തന്നേ സ്തോത്രവും ശാപവും പുറപ്പെടുന്നു. സഹോദരന്മാരേ, ഇങ്ങനെ ആയിരിക്കുന്നതു യോഗ്യമല്ല.”

അതിനാൽ നമ്മുടെ ഓരോ വക്കും മറ്റുള്ളവരെ വേദനിപ്പിക്കാതെ, കുറ്റംപറയാതെ, സത്യസന്ധമായി ഹൃദയത്തിൽ നിന്നു സ്നേഹത്തോടെ ഉള്ളതായിരിക്കണം. യിരെമ്യാവു 17:9 ൽ ഇപ്രകാരം കാണുന്നു ‘ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളതു; അതു ആരാഞ്ഞറിയുന്നവൻ ആർ?’

ദൈവത്തിന്റെ പ്രിയജനമേ, ഏറെ പ്രതിസന്ധികൾ നിറഞ്ഞ ഈ ലോകത്തിൽ, കർത്താവിന്റെ വരവ് ഏറ്റവും അടുത്തായിരിക്കുന്ന ഈ വേളയിൽ, നമുക്കു ലഭിക്കുന്ന ഓരോ നിമിഷവും വിലപ്പെട്ടതാണ്.

ഓരോ പുതിയ ദിവസത്തിലേക്കും, പുതിയ വർഷത്തിലേക്കും കടക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ ചില മാറ്റങ്ങൾ വരുത്തണ്ടിടത്തു മാറ്റങ്ങൾ വരുത്തി ജീവിക്കാൻ അതു ദൈവരാജ്യത്തിന്റെ കെട്ടുപണിക്ക് ഏറ്റവവും പ്രയോജനമാകാൻ നമുക്ക് ദൈവകൃപയെ ചോദിക്കാം.

അതുകൊണ്ട് ഒരു വാക്ക് ഉപയോഗയിക്കുന്നതിനുമുൻപ് നമുക്ക് ഒരു നിമിഷം **'THINK'** ചെയ്യാം .

**T - is it TRUE?**

**H - is it HELPFUL?**

**I - Is it INSPIRING?**

**N - Is it NECESSARY?**

**K - Is It KIND?**

നമ്മുടെ വായിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കിനും നാം ദൈവസന്നിധിയിൽ കണക്കുബോധിപ്പികണ്ടതാണ്. അതുകൊണ്ട് ദൈവഹിതപ്രകാരം നമ്മുടെ നാവിനെ ഉപയോഗിക്കുന്നവരാകുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം:**
**ലൂക്കോസ് 6:45**

നല്ലമനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽനിന്നു നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ടൻ ദോഷമായതിൽനിന്നു ദോഷം പുറപ്പെടുവിക്കുന്നു. ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതല്ലോ വായി പ്രസ്താവിക്കുന്നതു.

**സിസ്റ്റർ അനു റ്റോബി ചെങ്ങന്നൂർ 011**